- 19 August 2021: Award Ceremony for Rekha K., winner of Vaikom Muhammed Basheer Prize

തോടെയാണ് അദ്ദേഹത്തെ ലോകമറിഞ്ഞത്. 1984-ലെ ലോസ് ആഞ്ജലിസ് ഒളിമ്പിക്സിൽ 400 മീറ്റർ ഹഡിൽസിൽ സെക്കൻഡിൻെറ നൂറിലൊരംശത്തിനാണ്

ഉഷയ്ക്ക് വെങ്കലമെഡൽ നഷ്ടമായത്. 1990-ൽ ബെയ്ജിങ് ഏഷ്യാഡ് വരെ ആ ഗുരുശിഷ്യബന്ധം നീണ്ടു. വ്യക്തിബന്ധം തുടർന്നു.

ദരങ്ങൾ: ... തരായ കുഞ്ഞികൃഷ്ണൻ നമ്പ്യാർ, പദ്മനാഭൻ നമ്പ്യാർ, രാമചന്ദ്രൻ നമ്പ്യാർ. സംസ്കാരം വെള്ളിയാഴ്ച 11-ന് ഒതയോത്ത് വീട്ടുവളപ്പിൽ.

# വൈക്കം മുഹമ്മദ് ബഷീർ പുരസ്കാരം കെ.രേഖയ്ക്കു നൽകി




ജനതാ കൾച്ചറൽ സെൻറർ കുവൈത്ത്(ജെ.സി.സി.) ഏർപ്പെടുത്തിയ വൈക്കം മുഹമ്മദ് ബഷീർ പുരസ്കാരം കഥാകൃത്ത് കെ.രേഖയ്ക്ക് മന്ത്രി സജി ചെറിയാൻ നൽകുന്നു. എൽ.ജെ.ഡി. സംസ്ഥാന പ്രസിഡൻറ് എം.വി.ശ്രേയാംസ് കുമാർ എം.പി., വി.സുരേന്ദ്രൻപിള്ള, ഷെയ്ഖ് പി.ഹാരിസ്, എൻ.എം.നായർ തുടങ്ങിയവർ സമീപം

**തിരുവനന്തപുരം** ▸ ജനതാ കൾച്ചറൽ സെൻറർ കുവൈത്ത്(ജെ.സി.സി.) ഏർപ്പെടുത്തിയ വൈക്കം മുഹമ്മദ് ബഷീർ പുരസ്കാരം കഥാകൃത്ത് കെ.രേഖയ്ക്കു നൽകി. മന്ത്രി സജി ചെറിയാൻ പുരസ്കാരദാനം നിർവഹിച്ചു. വൈക്കം മുഹമ്മദ് ബഷീറിൻെറ സംഭാവനകൾ പുതുതലമുറയെ പഠിപ്പിക്കാനുള്ള പദ്ധതി സർക്കാർ ആവിഷ്കരിക്കുമെന്ന് മന്ത്രി പറഞ്ഞു.

അഫ്ഗാനിസ്താനിലെ സംഭവവികാസങ്ങൾ കേരളത്തിലെ ജനങ്ങൾക്കു പാഠമാകണം. ഇത്തരം വിഭജന സമീപനങ്ങളെ നേരിടാൻ സാംസ്കാരികരംഗത്തുള്ളവർ പ്രതിബദ്ധത കാണിക്കണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

എൽ.ജെ.ഡി. സംസ്ഥാന പ്രസിഡൻറ് എം.വി.ശ്രേയാംസ് കുമാർ എം.പി. അധ്യക്ഷനായി. കുവൈത്തിലെ എല്ലാ മേഖലയിലും അംഗീകാരം കിട്ടിയ സംഘടനയാണ് ജെ.സി.സി.യെന്നും വിശ്വസാഹിത്യകാരൻെറ പേരിലുള്ള പുരസ്കാരം അർഹതപ്പെട്ടവർക്കുതന്നെയാണ് ലഭിച്ചിരിക്കുന്നതെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. 25000 രൂപയും ഫലകവും പ്രശസ്തിപത്രവുമാണ് പുരസ്കാരം.

ജെ.സി.സി. മിഡിൽ ഈസ്റ്റ് പ്രസിഡൻറ് സഫീർ പി.ഹാരിസ്, എൽ.ജെ.ഡി. ജനറൽ സെക്രട്ടറി ഷെയ്ഖ് പി.ഹാരിസ്, ബാബു കിരിയത്ത്, പ്രമോദ് പയ്യന്നൂർ, മുൻ മന്ത്രി വി.സുരേന്ദ്രൻപിള്ള, എൽ.വി.ഹരികുമാർ, എൻ.എം. നായർ, പനവൂർ നാസർ എന്നിവർ സംസാരിച്ചു.